PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Tuesday, *the 24th October 1950*

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock on Tuesday, the 24th October 1950 with Mr. Speaker in the Chair.

ശ്രീ. എം. ഐ. പോറ്റി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ അസംബ്ളിയുടെ അവസാനഘട്ടത്തിൽ ഞാൻ ഒരു മോഷൻ സ്പീക്കർ അവർകളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിനു യാതൊരു മറുപടിയും ഇതുവരെ പ്രസ്താവിച്ചുകാണുന്നില്ല. അതിന്റെ കാരണം എന്തൊണെന്നു അറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ അവതരിപ്പിച്ച മോഷൻ ഏതിനെ സംബന്ധിച്ചാണെന്നുള്ളതു് ഇപ്പോൾ ഓർക്കുന്നില്ല. മറുപ്രകാരം അതിന്മേൽ നടപടി വല്ലതും എടുക്കാനുണ്ടെങ്കിൽ എടുത്തിരിക്കും. കൂടുതൽ വിവരം ഫയലിൽ അന്വേഷിച്ചാൽ അറിയാം.

QUESTIONS AND ANSWERS

Oral Answers

(The numbers in brackets denote the serial numbers in the printed list of admitted questions for the day.)

റയിൽവെ സർവ്വെ

*നമ്പർ. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എതെങ്കിലും പുതിയ റെയിൽവേയുടെ സർവ്വെ തുടങ്ങിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വഴിക്കാണു് സർവ്വെ ആരംഭിച്ചിട്ടുള്ളതു്?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്): (എ) കൊല്ലം—എറണാകുളം റെയിൽവേയുടെ സർവ്വെ ആരംഭിച്ചിട്ടുണ്ടു്.

(ബി) ഏതുവഴിക്കാണു് സർവ്വെ ആദ്യം തുടങ്ങുന്നുവെന്നുള്ളതിനെപ്പറ്റിയാതൊരു വിവരവും ലഭിച്ചിട്ടില്ല.

ശ്രീ. പി. നാണു. ഇൻഡ്യാഗവർമ്മെണ്ടിൽനിന്നും ഈ ഗവർമ്മെണ്ടുമായി ഇവയുടെ വിശദവിവരങ്ങളെ സംബന്ധിച്ചിടത്തോളം എഴുത്തുകുത്തുകൾ വല്ലും നടത്തിയിട്ടില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: റെയിൽവെ സംബന്ധിച്ചു് പൊതുവെ ഒരു അഭിപ്രായം ഈ ഗവർമ്മെണ്ടിൽനിന്നും ഇൻഡ്യാഗവർമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാണു: ആ റോഡ് ഏതു പ്രദേശത്തുകൂടെയാണ് പോകുന്നതെന്നു് പറയാൻ കഴിയുമോ?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: കൊച്ചിയും എറണാകുളവും കൊല്ലവുമായി ബന്ധിക്കത്തക്കവണ്ണം ആയിരിക്കും അവ പോകുന്നതു്.

എക്സൈസ് ഡിപ്പാർട്ട്മെൻറ്

*നവ. (വ) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ഡിപ്പാർട്ട്മെണ്ടുമായി ഇടപെടുന്ന കൺട്രാക്ടർമാരോടു് അവരുടെ അവകാശങ്ങളും മുതലുകളും രേഖപ്പെടുത്തി ഉടമ്പടി വാങ്ങാറുണ്ടോ;

(ബി) കൺട്രാക്ടർ കരാർ ലംഘിക്കുമ്പോൾ ഉടമ്പടിവ്യവസ്ഥയനുസരിച്ചു് നടപടി നടത്തി തുക വസൂൽചെയ്യുന്ന പതിവുണ്ടോ;

(സി) പുകയിലവില്പന അവകാശം ലേലത്തിൽ പിടിച്ച കൺട്രാക്ടർമാരെക്കൊണ്ടു് ഉടമ്പടി എഴുതി വയ്പിച്ചിട്ടുണ്ടോ;

(ഡി) ഈ കൺട്രാക്ടർമാരിൽനിന്നും ഗവൺമെണ്ടിനു കുടിശ്ശികയിനത്തിൽ ഈടാക്കേണ്ടിയിരിക്കുന്ന തുക എന്താണു്?

എക്സൈസും വ്യവസായവും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ): (എ) ഉണ്ടു്

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: പുകയില ലേലം പിടിച്ചവരിൽനിന്നും ഉടമ്പടി എഴുതിവയ്പിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു എന്നാണെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: അവരെക്കൊണ്ടു് ഉടമ്പടി എഴുതിവയ്പിച്ചിട്ടില്ലായെന്നാണു് ഞാൻ അറിയുന്നതു്. അതു ശരിയാണെന്നു ഞാൻ വിശ്വസിക്കട്ടെയോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു അടിസ്ഥാനരഹിതമായ ഒരു വിശ്വാസമാണു്.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: ലൈസൻസിനെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിലും കൊച്ചിയിലും വല്ല വ്യത്യാസവും ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: യാതൊരു വ്യത്യാസവും ഇല്ല.

സാഹിബു് ബഹദൂർ കെ. എ. മഹമ്മദു്: കൊച്ചിയിലെ പുകയില കച്ചവടക്കാർ അവരുടെ ലൈസൻസു നമ്പരുകളും മറ്റും കാണിച്ചു് കടയുടെ മുൻവശത്തു് ഒരു ബോർഡ് തൂക്കി ഇട്ടിട്ടുണ്ടു്. എന്നാൽ തിരുവിതാംകൂറിൽ അതു കാണുന്നില്ല. അതിന്റെ കാരണം എന്താണെന്നു് അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

എക്സൈസ് ഡിപ്പാർട്ട്മെണ്ടു്

*നട. (ട) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ് ചുമുക്കകം നിവൃത്തിയതോടുകൂടി എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly